മലയാളമനോരമ [illegible] ജൂലൈ [illegible] മിഥുനം [illegible]

ആധുനികമലയാളഗദ്യത്തിന്റെ ആദ്യ മാതൃകകൾ

അഥവാ

വൈയാകരണൻ ഗീവറുഗീസുകത്തനാരും അദ്ദേഹത്തിന്റെ ഗദ്യകൃതികളും.

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

II

ആധുനികമലയാളഗദ്യത്തിന്റെ ജനയിതാവെന്നു നാമൊക്കെ വിശ്വസിച്ചിട്ടുള്ള കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു പത്തൊൻപതു തിരുവയസ്സു പ്രായമുള്ള കാലത്തു് അതാവിതു്—കൊല്ലം 1039-ാമാണ്ടു കോട്ടയം കോളേജിൽനിന്നു പുറപ്പെട്ടിരുന്ന "വിദ്യാസംഗ്രഹം" എന്ന ഇംഗ്ലീഷു മലയാളമാസികയിൽ മലയാളം വകുപ്പിന്റെ പത്രാധിപർ എന്ന നിലയിൽ കത്തനാർ അവർകൾ ശാസ്ത്രം, മതം, രസതന്ത്രം, ചരിത്രം, രാജ്യഭരണം എന്നിവയെ ആസ്പദമാക്കി "[illegible]", "ആകാശത്തുള്ള ഗോളങ്ങൾ, [illegible]", കൊഴ മുതലായവ, (ജന്മികുടിയാൻ വഴക്കു്) "മരുമക്കത്തായത്താലുള്ള ദോഷങ്ങൾ" "ഭൂമി ഉരുണ്ടതാകുന്നു" എന്നിങ്ങനെ പല ഉപന്യാസങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. അവയൊക്കെയും അക്കാലത്തെ വിദ്വാന്മാരുടെയും, സർ ടി. മാധവറാവു, [illegible] മുതലായ ഭരണകുശലന്മാരുടെയും സവിശേഷമായ ശ്രദ്ധയേയും ബഹുമാനത്തേയും അർഹിച്ചിരുന്നവയത്രെ. [illegible]

കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു് [illegible] പ്രായമുള്ള കാലത്തു [illegible] മലയാളഗദ്യത്തിന്റെ രീതി എപ്രകാരമായിരുന്നുവെന്നു കാണിപ്പാൻ അദ്ദേഹത്തിന്റെ വ്യാകരണഗ്രന്ഥം 4-ാം [illegible]ത്തുനിന്നു് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:—

"ശബ്ദത്തിനു് ഒച്ചയെന്നും ഉച്ചമെന്നും രണ്ടുതരം വ്യത്യാസങ്ങൾ ഉണ്ടു്. ഒച്ച, തൊണ്ടയിൽക്കൂടെ കടക്കുന്ന വായുവിന്റെ അളവിൽനിന്നു ഉണ്ടാവുന്നു. തൊണ്ടയിൽക്കൂടെ കുറെ വായു മാത്രമേ കടന്നുവരുന്നുള്ളു എങ്കിൽ പതിഞ്ഞ സ്വരമായി അരികത്തു മാത്രം കേൾക്കപ്പെടുന്നു. അധികം കടക്കുമ്പോൾ ഉറച്ച സ്വരമായി ദൂരത്തിലും കേൾക്കപ്പെടുന്നു.......... ശബ്ദം രുതശബ്ദമെന്നും, ഗദശബ്ദമെന്നും ഇങ്ങനെ രണ്ടു വകയായിരിക്കുന്നു. പക്ഷികൾ മുതലായവയുടെ ശബ്ദം രുതശബ്ദമാകുന്നു. അതിനു് ഒച്ചയും പതുക്കവും ഉച്ചവും മന്ദവും ഹ്രസ്വവും ദീർഘവും എന്നുള്ള വ്യത്യാസങ്ങൾ അല്ലാതെ ഖരം, മൃദു, അനുനാസികം എന്നും, കണ്ഠ്യം, താലവ്യം, മൂർദ്ധന്യം എന്നും ഇങ്ങനെയുള്ള തരഭേദങ്ങൾ ഇല്ല. ആകയാൽ "രാവണൻ പക്ഷി" ചിലയ്ക്കുന്നതു "ശിരസ്സു എപ്പോൾ പേ[?]" "അച്ചൻ കൊമ്പത്തു് അമ്മ വരമ്പത്തു്" എന്നിങ്ങനെ കേൾവിക്കാരന്റെ മനോഭാവപ്രകാരം [illegible]ലെ ഇപ്രകാരമുള്ള ശബ്ദത്തിനു പ്രസമല്ലാതെ ഗദശബ്ദലക്ഷണമാകുന്ന വ്യക്തതയില്ല. എന്നാൽ വ്യക്തതയുള്ള ശബ്ദം മൊഴിക്കു കൊള്ളുന്നതാകയാൽ രുതശബ്ദങ്ങൾക്കു് അക്ഷരങ്ങൾ ആകുവാൻ കഴിയുന്നതല്ല. ഗദശബ്ദങ്ങൾതന്നെയും എല്ലാം അക്ഷരങ്ങളായി എണ്ണപ്പെടുന്നില്ല. മനുഷ്യർക്കു പലതരത്തിൽ വ്യക്തമായിട്ടു ശബ്ദിപ്പാൻ കഴിയുന്നതാകകൊണ്ടു്, അങ്ങിനെയുള്ള ശബ്ദങ്ങൾ ഒക്കെയും അക്ഷരങ്ങളായിട്ടു പ്രമാണിക്കപ്പെട്ടാൽ അക്ഷരങ്ങളുടെ സംഖ്യ അനവധിയായിത്തീരും. ആകയാൽ മൊഴിയിൽ വരുന്ന ഗദശബ്ദങ്ങൾ മാത്രമേ അക്ഷരങ്ങളായി വിചാരിക്കപ്പെടുന്നുള്ളു. ശബ്ദം രുതം വിട്ടു ഗദമായിത്തീരുന്നതു ശ്വാസനാഡികൾകൊണ്ടെങ്കിലും കുരൽവള്ളികൾകൊണ്ടെങ്കിലുമല്ല; തൊണ്ടയിലും അണ്ണാക്കിലും പല്ലുകളിലും മേൽചുണ്ടിലും, നാക്കു തട്ടുന്നതിനാലും ചിറികൾ തമ്മിൽ കൂട്ടുന്നതിനാലും ആകുന്നു. എന്തെന്നാൽ ശബ്ദം ശ്വാസനാഡിയും കുരൽവള്ളിയും കടന്നുകഴിഞ്ഞതിന്റെ ശേഷമേ ഗദോച്ചാരം തുടങ്ങുന്നുള്ളു."

"പദമെന്നതു ഗദശബ്ദങ്ങളാൽ ഉണ്ടാവുന്നതും പുറമേ കാണുന്ന വസ്തുക്കളേക്കുറിച്ചു നമ്മുടെ ഉള്ളിൽ തോന്നുന്ന രൂപങ്ങളുടെ അടയാളങ്ങളും ആകുന്ന വാക്കിന്റെ സാദ്ധ്യം, വിചാരങ്ങളെയും അഗ്രഹങ്ങളെയും തമ്മിൽ തമ്മിൽ അറിയിക്കുന്നതുമാകുന്നു. എന്നാൽ മനസ്സിലെ രൂപവും പുറമേയുള്ള ശബ്ദവും തമ്മിൽ സ്വഭാവേന യാതൊരു സംബന്ധവുമില്ല. പൊന്നു് എന്ന വസ്തുവും പൊന്നു് എന്ന പദവുമായിട്ടു യാതൊരു സാദൃശ്യവുമില്ല. വെള്ളം എന്നു നാം പറയുന്ന വസ്തുവിന്നു തീ എന്നു പറയുകയും മറിച്ചു തീ എന്നതിനു വെള്ളം എന്നു് അർത്ഥം [illegible] ആകാം. വെള്ളം എന്ന ശബ്ദത്തിനു, വെള്ളം എന്ന വസ്തുവിന്റെ രൂപം മനസ്സിൽ വരുത്താൻ കഴിയുന്നതു് ആഗന്തുകസംബന്ധംകൊണ്ടാകുന്നു. ഒരു മൊഴിയെ ഈ വസ്തുവിനു് അടയാളമായിട്ടു നാം നിശ്ചയിച്ചു് അങ്ങനെ പ്രയോഗിക്കയും പ്രയോഗിച്ചു കേൾക്കുകയും ചെയ്തു നമുക്കു പരിചയമുള്ളതുകൊണ്ടുതന്നെ, മനുഷ്യരുടെ പ്രധാനമായുള്ള മനോവികാരങ്ങൾ മററു ജീവജന്തുക്കളുടെ എന്നപോലെ ശുദ്ധ രുതശബ്ദങ്ങൾ കൊണ്ടു് അറിയിക്കപ്പെടുകയും ആ വസ്തും മനോവികാരങ്ങൾക്കും തമ്മിൽ സ്വഭാവസംബന്ധമുള്ളതുകൊണ്ടു് എല്ലാവരിലും തിരിച്ചറിയപ്പെടുകയും [illegible]

ഗീവറുഗീസുകത്തനാർ അവർകളുടെ വ്യാകരണവും, അദ്ദേഹം എഴുതീട്ടുള്ള ഉപന്യാസങ്ങളും ഒഴിച്ചാൽ അച്ചൻ അവർകളുടെ പ്രസിദ്ധമായ [illegible] കൃതികൾ നാലെണ്ണം മാത്രമാണു. ഒന്നാമത്തേതായ "സത്യവാദഖേടം" തിരുവിതാംകൂർ സർക്കാരിന്റെ ഒരു വിജ്ഞാപനം അനുസരിച്ചു എഴുതി സമ്മാനാർഹമായിത്തീർന്ന ഒരു സാന്മാർഗ്ഗികഗ്രന്ഥമാണു. രണ്ടാമത്തേതായ "ഒരു സംവാദം" ഡോക്ടർ മല[illegible] "Conv-ersation" എന്ന ഇംഗ്ലീഷുകൃതിയുടെ തർജ്ജമയായ [illegible] വ്യവഹാരമാകുന്നു. [illegible] മൂന്നാമത്തെ കൃതി, ഇക്കാലത്തെ ഇംഗ്ലീഷു ഭാഷാപണ്ഡിതന്മാർ പോലും സംഗ്രഹമല്ലാത്തതായ "ബട്ട്ലേഴ്സ് അനലോഗി" എന്ന വേദാന്തപരമായ ന്യായതത്വശാസ്ത്രത്തിന്റെ ഒരു സ്വതന്ത്രതർജ്ജമയാണു്. മറുജന്മം എന്ന കൃതി, ആ വിഷയത്തെ ആസ്പദമാക്കി എഴുതീട്ടുള്ള ഒരു പ്രകരണവുമാണു്. ഇതിൽ "സത്യവാദഖേടം" കൊല്ലം 1036-ാമാണ്ടു് അതാവിതു കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു 16 തിരുവയസ്സും, വിശാഖംതിരുനാൾ തിരുമനസ്സിലേക്കു് 24 തിരുവയസ്സും പ്രായമുള്ള കാലത്തും, രണ്ടാമത്തെ കൃതിയായ "ഒരു സംവാദം" കൊല്ലം 1039-ാമാണ്ടു് അതാവിതു വലിയകോയിത്തമ്പുരാൻതിരുമനസ്സിലേക്കു 19 തിരുവയസ്സു പ്രായമുള്ളപ്പോഴും, സംയുക്തി, 1037-ാമാണ്ടു് അതായതു വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു 17 തിരുവയസ്സു പ്രായമുള്ള കാലത്തും, അഥവാ ആ തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ ബുക്കുകമ്മട്ടി പ്രസിഡണ്ടു് ഉദ്യോഗം കൈയേൽക്കുന്നതിനു് അഞ്ചു വർഷം മുമ്പും മറുജന്മം 1040-ാമാണ്ടിടയ്ക്കുമാണു് എഴുതപ്പെട്ടിട്ടുള്ളതെന്നു പറയുമ്പോൾ ആരും ഇല്ലാതെ അനാഥയായി കിടന്നിരുന്ന കൈരളീദേവിക്കു കത്തനാർ അവർകളോടുള്ള കടപ്പാടു് എത്രകണ്ടു വമ്പിച്ചതും ജൃംഭിച്ചതുമാണെന്നു ഞാൻ ഇവിടെ വിശേഷിച്ചു പറഞ്ഞ തീരു എന്നില്ല.

ഇന്നേയ്ക്കു എഴുപതാറു വർഷം മുമ്പു മലയാളഭാഷയിൽ ആദ്യമായി ഒരു മലയാളവ്യാകരണവും, 67 വർഷം മുൻപു് ഒരു സാന്മാർഗ്ഗികഗദ്യഗ്രന്ഥവും, 66 വർഷം മുൻപു് ഒരു ന്യായതത്വശാസ്ത്രവും 64 വർഷം മുൻപു താർക്കികരീതിയിൽ എഴുതീട്ടുള്ളതായ ഒരു വേദാന്തതത്വവ്യവഹാരവും, 63 വർഷം മുമ്പു് അനേകം വിശിഷ്ടോപന്യാസങ്ങളും എഴുതി ഗദ്യപോഷണകൃത്യം സാധിപ്പാൻ പുറപ്പെട്ട ഒരു കോട്ടയംകാരനായ സുറിയാനിക്രിസ്ത്യാനിയുടെ പേർ കേരളഭാഷാഗദ്യസാഹിത്യലോകത്തിൽനിന്നു "കൈക്കില കൂടാതെ വാങ്ങി"ക്കളവാൻ നമ്മുടെ ചില വിദ്വാന്മാർ അന്നും ഇന്നും ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ടെങ്കിലും ആധുനികമലയാളഗദ്യത്തിന്റെ സാക്ഷാൽ മാർഗ്ഗദർശിയായിരുന്ന ആ സ്വതന്ത്രഗദ്യകൃത്തിനെ കൂടാതെ ഒരു മലയാളഭാഷാഗദ്യസാഹിത്യചരിത്രം കേരളഭാഷാലോകത്തിൽ തല കാട്ടുകയെന്നതു് ഉണ്ടാവുകയില്ലെന്നു ഞാൻ അതിമാത്രമായ അഭിമാനത്തോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഇക്കഴിഞ്ഞ ധനുമാസത്തിൽ തൃശ്ശൂർ നടത്തിയ "സമസ്തകേരള സാഹിത്യപരിഷത്തോടു്" അനുബന്ധിച്ചുണ്ടായ സാഹിത്യകലാപ്രദർശനത്തിൽ 6-ാം മാർത്തോമ്മാ എന്നുകൂടി സ്ഥാനപ്പേരുള്ള പകലോമററം വലിയ മാർ ദീവന്നാസ്യോസ്സുമെത്രാപ്പോലീത്താ അവർകൾ 982-ാമാണ്ടിടയ്ക്കു എഴുതിച്ചിട്ടുള്ളതായ ഒരു സുറിയാനിസഭാചരിത്രവും (ഗദ്യം—താളിയോലഗ്രന്ഥം) കോട്ടയത്തു [illegible] കൊച്ചുകുഞ്ഞുറൈട്ടർ എന്ന പ്രസിദ്ധകവി എഴുത്തച്ഛനെ അനുകരിച്ചെഴുതീട്ടുള്ളതായ [illegible] വൃത്തവും, ഗീവറുഗീസുകത്തനാർ അവർകളുടെ മേൽ പ്രസ്താവിച്ചതായ എല്ലാ കൃതികളും, മററു ചില സാഹിത്യകൃതികളും ഉൾപ്പെടെ 13 ഗ്രന്ഥങ്ങൾ ഞാൻ പ്രദർശിപ്പിച്ചിരുന്നു. പ്രദർശനശാലയിൽ പ്രവേശിച്ച അനേകശതം അക്രൈസ്തവസഹോദരങ്ങൾ ഇവയെ സശ്രദ്ധം പരിശോധിക്കയുണ്ടായി എന്നുള്ളതു സസന്തോഷം പ്രസ്താവിക്കേണ്ട ഒരു സംഗതിയത്രെ. ഭാഷാപ്രണയികളായ പലരും കത്തനാർ അവർകളുടെ വ്യാകരണത്തിൽനിന്നും "മരുമക്കത്തായത്താലുള്ള ദോഷങ്ങൾ" എന്ന സമുദായശാസ്ത്രപരമായ ഉപന്യാസപരമ്പരയിൽനിന്നും പല ഭാഗങ്ങൾ പ്രദർശനശാലയിൽവച്ചുതന്നെ പകർത്തുകയുണ്ടായി. ഗീവറുഗീസുകത്തനാർ അവർകളുടെ ഗദ്യകൃതികളുമായി ഇക്കാലത്തു് അധികമാർക്കുംതന്നെ പരിചയമുണ്ടായിരിപ്പാൻ ഇടയില്ലാത്തതിനാൽ അവയെ സംബന്ധിച്ചു് ഒരു സാമാന്യബോധം വായനക്കാർക്കുണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

1. സത്യവാദഖേടം—ഇതു തിരുവിതാംകൂർസർക്കാർ നിശ്ചയിച്ചിരുന്ന സമ്മാനത്തിനു് അർഹമായിത്തീർന്ന ഒരു ഗദ്യകൃതിയാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. [illegible] വേദശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, സമുദായശാസ്ത്രം എന്നിവയെ ആസ്പദമാക്കി എഴുതീട്ടുള്ള പ്രസ്തുത ഗ്രന്ഥം ഈ വിഷയത്തെ സംബന്ധിച്ചു ഭാഷയിൽ എഴുതീട്ടുള്ള ഏക ഗദ്യകൃതിയാണെന്നു നിസ്സംശയം പ്രസ്താവിക്കാവുന്നതാണു്. സത്യം പറയേണ്ടതിന്റെ ആവശ്യകതയേ സംബന്ധിച്ചും, സത്യം പറയുന്നതുകൊണ്ടുള്ള ഗുണത്തെപ്പററിയും വ്യാജം പറയുന്നതുകൊണ്ടു് ആത്മീയമായും, മാനസികമായും, സാമുദായികമായും നേരിടുന്ന ദോഷങ്ങളെ സംബന്ധിച്ചും ഈ ഗ്രന്ഥത്തിൽ അതിവിസ്തൃതമായി പ്രതിപാദിച്ചിരിക്കുന്നു. ഇവയിലെ ഗദ്യരീതിയുടെ മാതൃക കാണിപ്പാനായി സത്യവാദഖേടം 12-ാം പുറത്തുനിന്നു് ഒരു ഭാഗം താഴെ ചേർക്കുന്നു. "സത്യത്തിന്റെ സാക്ഷാൽ സ്വരൂപം ഇന്നതെന്നു സംക്ഷേപിക്കുന്നതിനു് പ്രയാസമാകുന്നു എങ്കിലും [illegible] വചനത്തിൽ [illegible] ഉള്ള [illegible] അറിയുന്ന[illegible]തിനും [illegible] മാകുന്ന [illegible] പ്രവേശിച്ചേ കഴിയൂ എന്നില്ല. കാര്യത്തെക്കുറിച്ചു പൊതുവിൽ ചില വിവരങ്ങൾ മനസ്സിൽ ഉണ്ടായിരുന്നാൽ മതി. എന്തെന്നാൽ ഒരുത്തൻ വഞ്ചനഭാവിക്കാതെ തന്റെ അറിവിൻപ്രകാരം ഉള്ളതിനെ പറയുമ്പോൾ അവൻ സത്യവാദിയാവുന്നു എന്നു നാം എല്ലാവരും അറിയുന്നു. എന്നാൽ നാം വ്യവഹരിക്കുന്ന കാര്യം തെളിവാകുന്നതിനു സത്യത്തെ യഥാർത്ഥമെന്നും പരമാർത്ഥമെന്നും ഇങ്ങനെ രണ്ടു വകയായിട്ടു വിചാരിക്കാം. ഒരു കാര്യത്തെ ഉള്ളവണ്ണം എനിക്കു യഥാർത്ഥപ്രകാരം സത്യം പറയുകയാകുന്നു. ആകയാൽ അതിനു മലയാഴ്മയിൽ ഉള്ളതു് എന്നും തമിഴിൽ ഉണ്മ എന്നും പേരായിരിക്കുന്നു. സത്യം എന്നതു് 'ഉളവു്' എന്നർത്ഥമാകുന്ന സത്തു എന്നതിൽനിന്നു വന്നതാകുന്നു. ദൈവം സർവ്വവ്യാപിയാകുന്നു. ഭൂമി മുതലായ ഗ്രഹങ്ങൾ സൂര്യനെ ചുററുന്നു. മനുഷ്യൻ പാപിയാകുന്നു; എന്നിങ്ങനെയുള്ള പൊരുളുകൾ യഥാർത്ഥങ്ങളാകുന്നു. അവയെ ഒരുത്തൻ വിശ്വസിക്കുന്നതുകൊണ്ടെങ്കിലും നിഷേധിക്കുന്നതുകൊണ്ടെങ്കിലും അവയ്ക്കു ഭാവഭേദം വരികയില്ല.

2. ഒരു സംവാദം—ഇതൊരു തർജ്ജമയാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മലയാളഭാഷയിൽ ആദ്യമായി ഒരു ശാസ്ത്രീയഗ്രന്ഥം തർജ്ജമ ചെയ്ത ആൾ വൈയാകരണൻ ഗീവറുഗീസുകത്തനാർ അവർകളാണെന്നുള്ള കഥ ഇന്നത്തെ മികച്ച ഭാഷാപണ്ഡിതന്മാർക്കുകൂടി അറിഞ്ഞുകൂടാത്ത ഒരു സാഹിത്യചരിത്രരഹസ്യമാണു്. കത്തനാർ അവർകളുടെ ഭാഷയുടെ പരിശുദ്ധിയും രീതിയുടെ സൗന്ദര്യവും ഇതിലെ ഓരോ വരികളിലും നടനം ചെയ്യുന്നുണ്ടു്. ഉദാഹരണമായി ചില വാക്കുകൾ താഴെ ഉദ്ധരിക്കുന്നു:—"നാം വസിക്കുന്ന ലോകത്തിൽ നോക്കണം. അതു മലകളും താഴ്വരകളുംകൊണ്ടു മൂടിയിരിക്കുന്നു. കാനനങ്ങളും വൃക്ഷങ്ങളുംകൊണ്ടു നിറഞ്ഞിരിക്കുന്നു. എവിടെപ്പോയാലും ആറുകളും നദികളും കാണാം. മൃഗങ്ങളും പക്ഷികളും എല്ലാടത്തുമുണ്ടു്. എന്നാൽ ഇവയെല്ലാം കാര്യങ്ങളാവുന്നു. അവയെ മുമ്പിട്ടിരുന്ന കാരണങ്ങളിൽനിന്നു മുളച്ചുവരിക്കുന്നു. ഇപ്പോഴുള്ള വൃക്ഷാദികൾ മുമ്പു കിളുത്തു വളർന്നവയിൽനിന്നു് ഉണ്ടായിവന്നവയാകുന്നു. ഈ തലമുറയിലെ മനുഷ്യർ കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്നവരുടെ മക്കളാകുന്നു. നാം ഇപ്പോൾ കാണുന്ന കാര്യങ്ങളൊക്കെയും ഇന്നിന്ന കാരണങ്ങളിൽനിന്നുണ്ടായി എന്നു നമുക്കു പറയാം. ആക്കാരണങ്ങളോ അവയെ മുമ്പിട്ടിരുന്ന കാരണങ്ങളിൽനിന്നു ഉളവായിരിക്കുന്നു.

(തുടരും)

2